**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 263** **10-06-2024 - ൽ മറുപടിയ്ക്ക്**

**ബ്ലീച്ചിംഗ് പൗഡർ ലഭ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഉപയോഗിയ്ക്കുന്ന ബ്ലീച്ചിംഗ് പൗഡർ കൊല്ലം ജില്ലയിലെ ആരോഗ്യസ്ഥാപനങ്ങളിൽ ആവശ്യാനുസരണം ലഭ്യമാണെന്നത് ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ; | (എ) | 2024-25 സാമ്പത്തിക വർഷത്തെ ആദ്യ ഘട്ട ഉപയോഗത്തിനാവശ്യമായ ബ്ലീച്ചിങ് പൗഡർ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഭാഗമായ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖേന സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽ ലിമിറ്റഡ് മുഖാന്തിരം സംഭരിച്ച് കൊല്ലം ജില്ല ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ സർക്കാർ ആരോഗ്യ സ്ഥാപനങ്ങൾക്കും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ബ്ലീച്ചിംഗ് പൗഡർ ഉൾപ്പെടെയുള്ള സാധനങ്ങൾ വാങ്ങുന്നതിന് ആരോഗ്യസ്ഥാപനങ്ങൾക്ക് ഏതെല്ലാം ഫണ്ടുകൾ വിനിയോഗിക്കുവാൻ കഴിയും എന്ന് വിശദമാക്കുമോ? | (ബി) | ആരോഗ്യ വകുപ്പിന്റെയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെയും കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങൾക്ക് ആവശ്യമായ അവശ്യമരുന്നു പട്ടികയിൽ ഉൾപ്പെട്ട മരുന്നുകൾ, ബ്ലീച്ചിംഗ് പൗഡർ ഉൾപ്പെടെയുള്ള മറ്റനുബന്ധ സാമഗ്രികൾ തുടങ്ങിയവ ബന്ധപ്പെട്ട വകുപ്പ് മേധാവികൾ മുഖേന സമർപ്പിക്കുന്ന വാർഷിക ഇൻഡന്റിനു അനുസൃതമായി ദർഘാസ് നടപടിക്രമങ്ങളിലൂടെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന വാങ്ങി സൗജന്യമായി നൽകി വരുന്നുണ്ട്. ഇത് കൂടാതെ, അവശ്യഘട്ടങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അനുവദിക്കുന്ന ഫണ്ട്, ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി, ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റി ഫണ്ട്, ലഭ്യമായ മറ്റ് പ്രോജക്ട് ഫണ്ടുകൾ എന്നിവ ഉപയോഗിച്ചും മരുന്നുകളും, ബ്ലീച്ചിംഗ് പൗഡർ ഉൾപ്പെടെയുള്ള സാധനങ്ങളും ആരോഗ്യ സ്ഥാപനങ്ങൾ നേരിട്ട് വാങ്ങിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ